**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - കൊല്ലം നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീമതി. എസ്.ഉഷാകുമാരിക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1829/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 04.07.2018

---

പരാമർശം : നഗരകാര്യഡയറക്ടറുടെ 02.02.2018 തീയതിയിലെ ഇ 3-9951/2017 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി.എസ്.ഉഷാകുമാരിക്ക് 19.04.2017 മുതൽ 29.10.2017 വരെയുള്ള കാലയളവിലേയ്ക്ക് ചികിത്സാർത്ഥമുള്ള ശൂന്യ വേതനാവധി അനുവദിക്കുന്നതിന് ടിയാൾ സമർപ്പിച്ച അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം പ്രകാരം ശുപാർശ ചെയ്ത് നൽകിയിരുന്നു. അവധിക്ക് ശേഷം 30/10/2017 ൽ ടിയാൾ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൊല്ലം നഗരസഭയിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി. എസ്.ഉഷാകുമാരിക്ക് 19.04.2017 മുതൽ 29.10.2017 വരെ കെ എസ് ആർ പാർട്ട് 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം.)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീമതി. എസ്.ഉഷാകുമാരി, സീനിയർ ക്ലാർക്ക്, കൊല്ലം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ